കെ. നജാത്തുല്ല

# സർഗാത്മക സമരകാഹളവുമായി എസ്.ഐ.ഒ ദേശീയ ജാഥ

**കേരളത്തിലെ** വിദ്യാർഥി സമൂഹത്തിൽ ഇസ്‌ലാമിക വിദ്യാർഥി പ്രസ്ഥാനം നടത്തുന്ന സർഗാത്മക ഇടപെടലുകളുടെ ചരിത്രത്തിൽ ആവേശത്തിന്റെയും ആത്മവിശ്വാസത്തിന്റെയും പുതിയ പാഠങ്ങൾ ചേർത്തുകൊണ്ടാണ് നവംബർ മൂന്നിന് ആരംഭിച്ച ദേശീയ ജാഥയുടെ മൂന്ന് ദിവസത്തെ സംസ്ഥാന പര്യടനം പൂർത്തിയായത്. ദേശീയതലത്തിൽ സംഘടിപ്പിക്കപ്പെടുന്ന മൂന്ന് ദേശീയ ജാഥകളിൽ ഒന്ന് കേരള തലസ്ഥാനത്തുനിന്നാണ് ആരംഭിച്ചത്. കേരളീയ പൊതുസമൂഹത്തിലും വിദ്യാർഥി സമൂഹത്തിലും ശക്തമായ സാന്നിധ്യമായി എസ്.ഐ.ഒ മാറിക്കഴിഞ്ഞു എന്നതിന്റെ സാക്ഷ്യപത്രമായിരുന്നു ദേശീയ ജാഥ കടന്നുപോയ കവലകളിൽനിന്നും കാമ്പസുകളിൽനിന്നും അതേറ്റുവാങ്ങിയ ഉജ്ജ്വല സ്വീകരണങ്ങൾ. 'സർഗാത്മക വിദ്യാർഥി മുന്നേറ്റത്തിന്റെ 25 വർഷങ്ങൾ' എന്ന തലക്കെട്ടിലാണ് ദേശീയ ജാഥകൾ സംഘടിപ്പിക്കപ്പെട്ടത്.

സംഘാടകരുടെ കണക്കുകൂട്ടലുകൾ തെറ്റിച്ചുകൊണ്ടാണ് എറണാകുളം മുതൽ തിരുവനന്തപുരം വരെയുള്ള ജില്ലകളുടെ മുക്കുമൂലകളിൽനിന്ന് വിദ്യാർഥികൾ പ്രത്യേക വാഹനങ്ങളിൽ ഉദ്ഘാടന സമ്മേളനത്തിന് തിരുവനന്തപുരം മ്യൂസിയം ജംഗ്ഷനിലേക്കൊഴുകിയത്. ഇസ്‌ലാമിക പ്രസ്ഥാനത്തിന് താരതമ്യേന സ്വാധീനം കുറവായിരുന്ന ദക്ഷിണ ജില്ലകൾ കേന്ദ്രീകരിച്ച പരിപാടി ആയിരുന്നിട്ടും ആയിരങ്ങൾ പ്രകടനത്തിലും പൊതുസമ്മേളനത്തിലും അണിനിരന്നു. നാല് മണിക്കാരംഭിച്ച പ്രകടനം അച്ചടക്കത്തിലെ സൗന്ദര്യവും മുദ്രാവാക്യങ്ങളുടെ ഗാംഭീര്യവും വിളിച്ചോതുന്നതായിരുന്നു. 25 വർഷത്തെ പ്രതീകാത്മകമായി സൂചിപ്പിക്കുന്ന എസ്.ഐ.ഒ ടീ-ഷർട്ട് ധരിച്ച് പതാകയുമായി 25 പേർ പ്രകടനത്തിനു മുമ്പിൽ അണിനിരന്നു. നൂറ് പേരുള്ള ബ്ലോക്കുകളായാണ് പ്രകടനം സജ്ജീകരിച്ചത്. കാമ്പസുകളെയും വിദ്യാർഥികളെയും സമൂഹത്തെത്തന്നെയും ഗ്രസിച്ച തിന്മകൾക്കെതിരായ അണയാത്ത രോഷത്തിന്റെ തീക്കനലായിമാറി പ്രകടനം. അധിനിവേശശക്തികൾക്കും അവർക്കു വിടുവേല ചെയ്യുന്ന ഭരണകൂടങ്ങൾക്കും അവയെ മൗനം കൊണ്ട് പിന്തുണക്കുന്ന വിദ്യാർഥിസംഘടനകൾക്കും പ്രകടനം ശക്തമായ താക്കീതു നൽകി. 'നീതി ധർമം പുലരുന്ന, പുതിയൊരു ലോകം പണിയാനായി, കഴിഞ്ഞ രണ്ടര ദശകം മുഴുവൻ പടപൊരുതിയ പ്രസ്ഥാനം..... അന്ന് കോളനിശക്തികൾ നമ്മെ, പട്ടാളത്താൽ മുക്കിക്കൊന്നു, മായാമോഹന കമ്പോളത്താൽ ഇന്ന് നക്കിക്കൊല്ലുന്നു. കാമ്പസുകളുടെ രാഷ്ട്രീയത്തെ, രാഷ്ട്രീയത്തിൻ സർഗാത്മകതയെ കലുഷമാക്കിയ ഭീകരതയെ, ചെറുക്കാനായ് വിദ്യാർഥിശക്തി, ഒറ്റക്കെട്ടായി നിങ്ങൾക്കെതിരെ; മർദിത പീഡിത ജനലക്ഷങ്ങൾ, കിരീടമണിയും കാലം തീർച്ച, അന്നീ നാട് കഥകൾ പറയും, അതിലുന്നതമൊരു പേര് എസ്.ഐ.ഒ' തുടങ്ങിയ മുദ്രാവാക്യങ്ങളുമുയർത്തി നീങ്ങിയ പ്രകടനം മഗ്‌രിബ് നമസ്കാരത്തിന് തൊട്ട് മുമ്പ് സമ്മേളന നഗരിയിൽ സമാപിച്ചു. നമസ്കാരാനന്തരം ദേശീയ ജാഥയുടെ ഔപചാരിക ഉദ്ഘാടന സമ്മേളനം ആരംഭിച്ചു.

എസ്.ഐ.ഒ മുൻ ദേശീയ പ്രസിഡന്റും ജമാഅത്തെ ഇസ്‌ലാമി ആന്ധ്രപ്രദേശ് ഹൽഖാ അമീറുമായ മലിക് മുഅ്തസിം ഖാൻ, ജാഥാ ക്യാപ്റ്റൻ എസ്.ഐ.ഒ അഖിലേന്ത്യാ ജനറൽ സെക്രട്ടറി സയ്യിദ് ഹശ്മത്തുല്ലാ ഖാന് പതാക കൈമാറി ജാഥ ഉദ്ഘാടനം ചെയ്തു. സാമ്രാജ്യത്വശക്തികൾക്ക് അടിമകളെയുണ്ടാക്കുന്ന നമ്മുടെ വിദ്യാഭ്യാസം പുനർനിർവചിക്കേണ്ട സമയമായിരിക്കുന്നു. ധാർമികതയിലും വിപ്ലവബോധത്തിലും ഊന്നിയ തലമുറയിലാണ് രാജ്യത്തിന്റെ ഭാവി. വിദ്യാഭ്യാസം ഉയർന്ന ഒരു ന്യൂനപക്ഷത്തിന് മാത്രം ലഭിക്കുന്ന ഒന്നായി മാറരുത്. വിദ്യാഭ്യാസത്തിന്റെയും സ്ഥാപനങ്ങളുടെയും നടത്തിപ്പ് കോർപറേറ്റ് മാനേജ്മെന്റുകൾക്ക് കൈമാറി സർക്കാറിന് പിന്നാക്കം പോകാൻ സാധിക്കില്ല. സ്വകാര്യ മേഖലക്ക് കൈമാറിയ വിദ്യാഭ്യാസരംഗം യഥാർഥ ലക്ഷ്യം പൂർത്തീകരിക്കാൻ സഹായിക്കില്ല- മലിക് മുഅ്തസിം പറഞ്ഞു.

വിപ്ലവത്തിന്റെ കൊടിയേന്തി പിറകെ കടന്നുവന്നവർക്ക് ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ ആശംസകളർപ്പിച്ച് ജമാഅത്തെ ഇസ്‌ലാമി അസിസ്റ്റന്റ് അമീർ ശൈഖ് മുഹമ്മദ് കാരകുന്ന് സംസാരിച്ചു. സോളിഡാരിറ്റി യൂത്ത് മൂവ്മെന്റ് സംസ്ഥാന ജനറൽ സെക്രട്ടറി കെ.എ ശഫീഖ് ദേശീയ ജാഥക്ക് വിപ്ലവ യുവതയുടെ അഭിവാദ്യങ്ങളർപ്പിച്ചു. ഭൗതികനേട്ടത്തിന്റെ വലിയ അവകാശവാദങ്ങളില്ലെങ്കിലും ധാർമികത കൈമുതലാക്കിയ ഒരു സംഘത്തെ കലാലയങ്ങളിൽ സൃഷ്ടിച്ചെടുക്കാൻ കഴിഞ്ഞു എന്നതാണ് എസ്.ഐ.ഒയുടെ 25 സംവത്സരക്കാലത്തെ ഏറ്റവും വലിയ നേട്ടമെന്ന് എസ്.ഐ.ഒ സംസ്ഥാന പ്രസിഡന്റ് സി. ദാവൂദ് ചൂണ്ടിക്കാട്ടി. പഠിക്കുകയും തിന്മക്കെതിരെ പൊരുതുകയും നന്മയിൽ ആത്മാർഥമായി സഹകരിക്കുകയും സേവനത്തിന്റെ നിസ്വാർഥ ജീവിതവുമാണ് എസ്.ഐ.ഒ പ്രവർത്തകന്റെ സംസ്കാരം. കാമ്പസുകളിൽ ആദർശപ്രബോധനത്തിന്റെയും ആശയവൈവിധ്യങ്ങളുടെയും സാധ്യതകളെ ഇല്ലായ്മ ചെയ്യുന്ന ഇടത് മതേതര വിദ്യാർഥി പ്രസ്ഥാനങ്ങളുടെ നിലപാടുകൾക്കെതിരെയുള്ള കാമ്പസിന്റെ സത്യവാങ്മൂലമാണ് സമ്മേളനത്തിനെത്തിയ വിദ്യാർഥികളുടെ മഹാപ്രവാഹം സൂചിപ്പിക്കുന്നതെന്ന് അദ്ദേഹം പറഞ്ഞു. ദേശീയ സെക്രട്ടറി ഹശ്മത്തുല്ലാ ഖാൻ

25-ാം വാർഷിക പരിപാടികളെ പരിചയപ്പെടുത്തി. എസ്.ഐ.ഒ സംസ്ഥാന സെക്രട്ടറി മുഹമ്മദ് അസ്‌ലം സ്വാഗതവും സമ്മേളന കൺവീനർ എസ്. അമീൻ നന്ദിയും പറഞ്ഞു. എസ്.ഐ.ഒ പുറത്തിറക്കിയ തെരഞ്ഞെടുത്ത ലഘുലേഖകളുടെ സമാഹാരമായ 'സ്വാതന്ത്ര്യത്തിലേക്കുള്ള വഴി' കെ.എ ശഫീഖിന് നൽകി ശൈഖ് മുഹമ്മദ് കാരകുന്ന് പ്രകാശനം ചെയ്തു.

ദേശീയ ജാഥയും അനുഗമിക്കുന്ന കലാജാഥയും മൂന്ന് വാഹനങ്ങളിലായി നാലിന് രാവിലെ കൊല്ലം ജില്ലയുടെ പ്രവേശനകവാടമായ പാരിപ്പള്ളിലെത്തി. അടുത്ത സ്വീകരണ കേന്ദ്രമായ ചിന്നക്കടയിലേക്ക് പ്രവർത്തകർ ബൈക്ക് റാലിയായി ജാഥയെ ആനയിച്ചു.

ചിന്നക്കടയിൽ പൗരാവലിയാണ് സ്വീകരണം സംഘടിപ്പിച്ചത്. സംസ്ഥാന പ്രസിഡന്റ് മുഖ്യപ്രഭാഷണം നടത്തി. എസ്.ഐ.ഒയുടെ ബഹുമുഖ പ്രവർത്തനങ്ങളെ ഹ്രസ്വമായി പരിചയപ്പെടുത്തി തുടങ്ങിയ പ്രഭാഷണം കൊല്ലം ജില്ലയിൽ വിദ്യാഭ്യാസ കോഴക്കും അഴിമതിക്കുമെതിരെ എസ്.ഐ.ഒ പ്രവർത്തകർ ആരംഭിച്ച സമരം വിജയത്തിലെത്തിച്ചത് അനുസ്മരിച്ചു.

വൈകുന്നേരം ഏഴു മണിക്ക് പത്തനംതിട്ട ജില്ലയിലെ പന്തളത്ത് ദേശീയ ജാഥയെത്തിയപ്പോൾ തൊട്ടുമുമ്പ് പെയ്ത കനത്ത മഴയിലും തോരാത്ത ആവേശവുമായി ജില്ലാ പ്രസിഡന്റ് സ്വലാഹുദ്ദീന്റെ നേതൃത്വത്തിൽ മുദ്രാവാക്യങ്ങളുമായി പ്രവർത്തകർ ജാഥയെ എതിരേറ്റു. എസ്.ഐ.ഒ മുൻ സംസ്ഥാന പ്രസിഡന്റും ജമാഅത്തെ ഇസ്‌ലാമി സംസ്ഥാന കൂടിയാലോചനാ സമിതിയംഗവുമായ കെ.എ യൂസുഫ് ഉമരിയാണ് മുഖ്യപ്രഭാഷണം നടത്തിയത്. പ്രഥമ ദിവസത്തെ പ്രയാണം പന്തളത്ത് അവസാനിച്ചു.

രണ്ടാം ദിവസം ആലപ്പുഴയിലെ കായംകുളത്തുനിന്നാണ് ജാഥ പ്രയാണമാരംഭിച്ചത്. വിദ്യാർഥികളുടെ എണ്ണം കൊണ്ട് കേരളത്തിൽ മുൻനിരയിൽ നിൽക്കുന്ന എം.എസ്.എം കോളേജിൽ പ്രഭാതമുണർന്നത് എസ്.ഐ.ഒയുടെ വർണമാലകളും ദേശീയ ജാഥയുടെ സ്വീകരണ ബാനറുകളും കണ്ടുകൊണ്ടായിരുന്നു. കായംകുളം കെ.എസ്.ആർ.ടി.സി ബസ്സ്റ്റാന്റ് പരിസരത്തുനിന്ന് കാൽനടയായി പ്രവർത്തകർ കോളേജിലേക്ക് ജാഥയെ ആനയിച്ചു. ജാഥാ ക്യാപ്റ്റൻ, സംസ്ഥാന പ്രസിഡന്റ്, സംസ്ഥാനസമിതിയംഗങ്ങൾ, ജില്ലാ പ്രസിഡന്റ് എന്നിവർ അണിനിരന്നു. ജാഥ കോളേജ് വരാന്തകളിലൂടെ കാമ്പസ് ചുറ്റി ഗേറ്റിനു സമീപം സമാപിച്ചപ്പോൾ വിദ്യാർഥികൾക്ക് പുതിയ അനുഭവമായി. ശേഷം ജാഥ നീങ്ങിയത് ആലപ്പുഴ മെഡിക്കൽ കോളേജ് കാമ്പസിലേക്കാണ്. എസ്. ഐ.ഒ മുൻ സംസ്ഥാന പ്രസിഡന്റ് കെ. മുഹമ്മദ് നജീബാണ് മുഖ്യ പ്രഭാഷണം നടത്തിയത്. ആലപ്പുഴ എസ്.ഡി കോളേജ് വിദ്യാർഥികൾ നൽകിയ സ്വീകരണത്തിൽ സി. ദാവൂദ് പ്രസംഗിച്ചു.

ആലപ്പുഴ ജില്ലയിലെ സ്വീകരണങ്ങൾക്കു ശേഷം ജാഥ മഹാരാജാസ് കോളേജിലേക്കും, കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലേക്കും നീങ്ങി. ജാഥയുടെ പ്രചാരണാർഥം മഹാരാജാസ് കാമ്പസിൽ പതിച്ച പോസ്റ്ററുകളും ബോർഡുകളും ചിലർ നശിപ്പിച്ചിരുന്നു. ജാഥ മഹാരാജാസിലേക്ക് വന്നാൽ കൈകാര്യം ചെയ്യുമെന്ന ഭീഷണി മുഖവിലക്കെടുക്കാതെയാണ് ജാഥ ഉച്ചക്ക് ഒന്നരക്ക് മഹാരാജാസ് കാമ്പസിലെത്തിയത്.

ക്രൂരമായ റാഗിംഗിന്റെ പേരിൽ ഇടതുവിദ്യാർഥി സംഘടനാ നേതാക്കളുൾപ്പെടെ എട്ടോളം വിദ്യാർഥികൾ സസ്പെന്റ് ചെയ്യപ്പെട്ട സാഹചര്യത്തിലാണ് ജാഥ കുസാറ്റിലെത്തുന്നത്. പ്രശ്നങ്ങൾക്കു പിന്നിൽ 'വർഗീയ സംഘടന'യായ എസ്.ഐ.ഒ ആണെന്ന പ്രചണ്ഡ പ്രചാരണവും പ്രവർത്തകർക്ക് ഭീഷണിയും നിലനിന്നിരുന്നു. ദേശീയ, സംസ്ഥാന നേതാക്കളെ കാമ്പസ് ചുറ്റി പ്രകടനമായാണ് പ്രവർത്തകർ സ്വീകരിച്ചത്. വിദ്യാർഥി പ്രസ്ഥാനങ്ങളുടെ ആദർശ പാപ്പരത്തത്തെയും സമഗ്രാധിപത്യ പ്രവണതകളെയും തുറന്നു കാട്ടിയ സംസ്ഥാന പ്രസിഡന്റിന്റെ പ്രഭാഷണത്തെ ഹർഷാരവങ്ങളോടെയാണ് കാമ്പസ് എതിരേറ്റത്.

തൃശൂർ ജില്ലയിലെ സ്വീകരണപരിപാടിയായിരുന്നു അടുത്തത്. തൃശൂരിലേക്കുള്ള വഴിമധ്യേ ചാലക്കുടിയിൽ പ്രവർത്തകർ മുദ്രാവാക്യം വിളികളുമായി ജാഥയെ എതിരേറ്റു. ആമ്പല്ലൂരിൽനിന്ന് നിരവധി ബൈക്കുകളുടെ അകമ്പടിയോടെ ജാഥയെ നഗരത്തിലേക്ക് ആനയിച്ചു. വൻജനാവലിയാണ് തൃശൂരിലെ സ്വീകരണ പരിപാടിയിൽ തടിച്ചുകൂടിയത്. എസ്.ഐ.ഒ മുൻ കേന്ദ്ര സെക്രട്ടറി എം. സാജിദ്, സംസ്ഥാന പ്രസിഡന്റ്, ജാഥാ ക്യാപ്റ്റൻ എന്നിവർ സംസാരിച്ചു.

അർധരാത്രി പിന്നിട്ട് മലപ്പുറം ജില്ലാതിർത്തിയായ ചങ്ങരംകുളത്തെത്തിയപ്പോൾ പ്രദേശത്തെ എസ്.ഐ.ഒ,

## കടൽകടന്നെത്തിയ വിപ്ലവാഭിവാദ്യം

എസ്. ഐ. ഒ ദേശീയ ജാഥയോടനുബന്ധിച്ച് തിരുവനന്തപുരത്തും പാലക്കാട്ടും നടക്കുന്ന വിദ്യാർഥി റാലികളിൽ ലോകപ്രശസ്ത മനുഷ്യാവകാശ പ്രവർത്തകയിവോൺ റിഡ്‌ലി പങ്കെടുക്കുമെന്നറിയിച്ചിരുന്നു. എന്നാൽ ലണ്ടനിലെ ഇന്ത്യൻ ഹൈകമീഷന്റെ ഭാഗത്തു നിന്നുണ്ടായ കുരുക്കുകൾ നിമിത്തം അവർക്ക് എത്തിച്ചേരാനായില്ല. റിഡ്‌ലി വരില്ലെന്നറിഞ്ഞപ്പോൾ സംഘാടകരിലും വിദ്യാർഥികളിലും അത് നിരാശ പടർത്താതെയുമിരുന്നില്ല. ഉടനെത്തന്നെ മറ്റേതെങ്കിലും സന്ദർഭത്തിൽ കേരളത്തിൽ വരാമെന്നും വിദ്യാർഥികളോട് സംസാരിക്കാമെന്നും റിഡ്‌ലി ഉറപ്പു നൽകുകയായിരുന്നു. പാലക്കാട്ട് റാലിക്കായി തടിച്ചുകൂടിയ പതിനായിരങ്ങളെ മൊബൈൽ ഫോണിലൂടെ അവർ അഭിസംബോധന ചെയ്യുകയും ചെയ്തു. കരഘോഷങ്ങളോടെയാണ് പ്രവർത്തകർ ലണ്ടനിൽനിന്ന് ഫോണിലൂടെ ഒഴുകിയെത്തിയ റിഡ്‌ലിയുടെ ശബ്ദത്തെ സ്വീകരിച്ചത്. അവർ വിദ്യാർഥികളോട് പറഞ്ഞു:

'ലോകത്താകമാനം ശക്തമായ സ്വാധീനമാണ് ഇസ്‌ലാം ചെലുത്തുന്നത്. ഇസ്‌ലാമിന്റെ സ്വാധീനം ഇന്ന് സംശയരഹിതമായിരിക്കുന്നു. സാമ്രാജ്യത്വത്തിനെതിരെയുള്ള ഇസ്‌ലാമിന്റെ പോരാട്ടം നിർണായകമാണ്. അമേരിക്കയുടെയും പാശ്ചാത്യ ശക്തികളുടെയും മുന്നിൽ എഴുന്നേറ്റുനിന്ന് ശക്തമായി പോരാടുന്ന ശക്തിയായി ഇസ്‌ലാം മാറിയിരിക്കുന്നു. നീതിയിലധിഷ്ഠിതമായ, എല്ലാവർക്കും സമാധാനവും ശാന്തിയും ലഭ്യമാകുന്ന ഇസ്‌ലാമിക വ്യവസ്ഥയാണ് നമ്മുടെ സ്വപ്നം. ലോകത്തുടനീളമുള്ള നമ്മുടെ സഹോദരങ്ങൾ ഇതിനായി പോരാടുന്നു. ചെച്നിയയിലെയും ഫലസ്ത്വീനിലെയും ഇറാഖിലെയും പോരാട്ടങ്ങളെ ഇതോടൊപ്പം കൂട്ടി വായിക്കണം. ഞാനും ഈ ലക്ഷ്യങ്ങൾക്കായി പ്രവർത്തിക്കുന്നു. നിരപരാധികളായ സഹോദരന്മാർ ഗ്വാണ്ടനാമോയിലും അബൂഗുറൈബിലും പീഡനങ്ങൾ അനുഭവിക്കുന്നുണ്ട്. അവർക്കായി ശബ്ദമുയർത്തേണ്ടത് നമ്മുടെ കടമയാണ്. മൊറോക്കോ, സിറിയ, അൾജീരിയ തുടങ്ങിയ രാജ്യങ്ങളിൽ സ്വേഛാധിപതികൾ നിരപരാധികളെ അടിച്ചമർത്തുമ്പോൾ, പാശ്ചാത്യർ അതിന് കൂട്ടു നിൽക്കുമ്പോൾ ഈ തിന്മയുടെ അച്ചുതണ്ടിനെതിരെ ധീരമായി പോരാടാൻ ഞാൻ ആഹ്വാനം ചെയ്യുന്നു. നമ്മുടെ പോരാട്ടം തഖ്‌വയിലധിഷ്ഠിതമാണ്. നാട്ടിലെ തിന്മകൾക്കെതിരെ, അടിച്ചമർത്തലുകൾക്കെതിരെ, രാഷ്ട്രീയ ദുഷ്പ്രവണതകൾക്കെതിരെ യുവാക്കൾ ഇറങ്ങിത്തിരിക്കണമെന്ന് ഞാൻ ആഹ്വാനം ചെയ്യുന്നു....... ഞാൻ കേരളത്തിൽ എത്തും; ഇൻ ശാഅല്ലാഹ്, എന്റെ ആശയങ്ങൾ നിങ്ങളുമായി പങ്കുവെക്കുന്നതുമാണ്.'

ജമാഅത്ത് പ്രവർത്തകർ ചൂട്ടും പന്തവുമായി ദേശീയ പാതക്കരികിൽ മുദ്രാവാക്യങ്ങളുമായി കാത്തുനിൽപുണ്ടായിരുന്നു. രാത്രി രണ്ട് മണിക്ക് ജാഥ എ.ആർ നഗറിലെത്തിയപ്പോൾ പ്രവർത്തകർ കൊടിയുമായി മുദ്രാവാക്യം മുഴക്കി റോഡരികിൽ.

നാലാം ദിവസം മലബാറിന്റെ ഉന്നത വിദ്യാഭ്യാസത്തിന്റെ സിരാകേന്ദ്രമായ കാലിക്കറ്റ് യൂനിവേഴ്സിറ്റി കാമ്പസിലെ സ്വീകരണത്തോടെയാണ് ജാഥ തുടങ്ങിയത്. കാമ്പസ് പരിസരത്തേക്ക് പ്രവർത്തകർ ആനയിച്ചപ്പോൾ കോൽക്കളി സംഘം അകമ്പടിയായി. പൊതുസമ്മേളനത്തിൽ സംസ്ഥാന പ്രസിഡന്റ് സംസാരിച്ചു. മലബാറിലെ വിദ്യാഭ്യാസരംഗത്ത് അനുഭവിക്കുന്ന പരിമിതികളെയും അതിനെ പൊതുശ്രദ്ധയിലേക്ക് എസ്. ഐ.ഒ ഉയർത്തിക്കൊണ്ടുവന്നതിനെയും അനുസ്മരിച്ചു. ദേശീയ നേതാക്കളെ ആനയിച്ചുകൊണ്ടുള്ള പ്രകടനം കാമ്പസ് ചുറ്റി. വിവിധ ആവശ്യങ്ങളുന്നയിച്ച് സമരം ചെയ്യുന്ന പ്രൈവറ്റ് വിദ്യാർഥികളുടെ സമരപ്പന്തലിൽ ചെന്ന് സമരത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ചു. യൂനിവേഴ്സിറ്റി കാമ്പസിലെ സ്വീകരണത്തിനു ശേഷം അടുത്ത കേന്ദ്രമായ പെരിന്തൽമണ്ണയിലേക്ക് നീങ്ങി. പോളിടെക്നിക് പരിസരത്ത് നൽകിയ സ്വീകരണ പരിപാടി എസ്.ഐ.ഒ പ്രഥമ സംസ്ഥാന സെക്രട്ടറി സി.എച്ച് അബ്ദുൽ ഖാദിർ ഉദ്ഘാടനം ചെയ്തു.

സംസ്ഥാനത്തെ അവസാന സ്വീകരണ പരിപാടിയും കഴിഞ്ഞ് കേരള പര്യടനത്തിന് സമാപനം കുറിച്ച് പാലക്കാട്ട് നടക്കുന്ന വിദ്യാർഥിറാലി ലക്ഷ്യമാക്കിയാണ് ജാഥ നീങ്ങിയത്. ഉച്ചക്ക് മൂന്ന് മണിയോടെ തന്നെ വിദ്യാർഥികൾ പ്രകടനത്തിന് അണിനിരന്നു. പ്രകടനം ആരംഭിക്കുന്നതിനു മുമ്പ് പെയ്ത കോരിച്ചൊരിയുന്ന മഴ നാല് മണിയായപ്പോഴേക്കും നിന്നു. സ്വഛമായ അന്തരീക്ഷത്തിൽ കേരളത്തിലെ ഇസ്‌ലാമിക വിദ്യാർഥി വിപ്ലവചേതനയുടെ പ്രതിനിധികൾ ചരിത്രമുറങ്ങുന്ന പാലക്കാടിന്റെ തെരുവിലൂടെ പതുക്കെ ചുവടു വെച്ചു തുടങ്ങി. അച്ചടക്കത്തിന്റെയും ആസൂത്രണത്തിന്റെയും ഉത്തമനിദർശനമായിരുന്നു പ്രകടനം. ദേശീയ, സംസ്ഥാന നേതാക്കൾ കൊടിയേന്തി പ്രകടനം നയിച്ചു. പിറകെ ചിട്ടയോടെ മൂന്ന് വരിയായി പ്രവർത്തക വ്യൂഹം. റോഡരികിൽ ആശീർവദിക്കാനായി ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ നേതാക്കളും മുതിർന്ന പ്രവർത്തകരും. പ്രകടനം കോട്ടമൈതാനിയിലെത്തിയതും കോട്ടമൈതാനം വിദ്യാർഥികളെക്കൊണ്ട് നിറഞ്ഞു. പതിനായിരക്കണക്കിന് വിദ്യാർഥികൾ പങ്കുകൊണ്ട ജമാഅത്ത് നമസ്കാരത്തിന് ടി.എ മുഹമ്മദ് മൗലവി നേതൃത്വം നൽകി. തുടർന്ന് നടന്ന പൊതുസമ്മേളനത്തിൽ എസ്.ഐ.ഒ ദേശീയ പ്രസിഡന്റ് ബിശ്റുദ്ദീൻ ശർഖി അധ്യക്ഷത വഹിച്ചു.

അധ്യക്ഷ പ്രസംഗത്തിനു ശേഷം തിരുവനന്തപുരം, പാലക്കാട് സമ്മേളനത്തിൽ പങ്കെടുക്കുമെന്നറിയിച്ചിരുന്ന ബ്രിട്ടനിലെ അറിയപ്പെടുന്ന മനുഷ്യാവകാശ പ്രവർത്തകയും ഇസ്‌ലാമിസ്റ്റുമായ യിവോൺ റിഡ്‌ലിയുടെ അഞ്ചു മിനിറ്റ് സന്ദേശം മൊബൈൽ ഫോണിലൂടെ കേരളത്തിലെത്തിയപ്പോൾ സദസ്സൊന്നടങ്കം അത് വീർപ്പടക്കി ശ്രവിച്ചു. ജമാഅത്തെ ഇസ്‌ലാമി കേരള അമീർ ടി. ആരിഫലി സമ്മേളനം ഉദ്ഘാടനം ചെയ്തു. നാല് വർഷം മുമ്പ് വിദ്യാർഥി സംഘടനയായി മാറിയപ്പോഴുണ്ടായ ആശങ്കകളെ അസ്ഥാനത്താക്കി കരുത്തുറ്റ, സ്വയം ശേഷിയുള്ള വിദ്യാർഥി പ്രസ്ഥാനമായി മാറാൻ സാധിച്ച എസ്. ഐ. ഒ, മതേതര ഭീകരതക്കും മതവർഗീയതക്കുമെതിരെ കാമ്പസിൽ തുടരുന്ന സമരം പൊതുസമൂഹത്തിൽ ജമാഅത്തെ ഇസ്‌ലാമിയും ഏറ്റെടുക്കേണ്ടിവരുമെന്ന് അമീർ ഉണർത്തി. മാറിവരുന്ന സർക്കാറുകളൊക്കെയും വിദ്യാഭ്യാസത്തെ തമാശയായാണ് കാണുന്നത്. വിദ്യാഭ്യാസ പരിഷ്കാരങ്ങൾ ഊഹാപോഹങ്ങളുടെ അടിസ്ഥാനത്തിലാണെന്ന് അദ്ദേഹം പറഞ്ഞു. സമ്മേളനത്തിലെ മുഖ്യാതിഥി, തിബത്തൻ സ്വാതന്ത്ര്യ പോരാളിയും വിദ്യാർഥി നേതാവുമായ തെൻസിംഗ് സുൻത്യു ആണ് തുടർന്ന് സദസ്സിനെ അഭിമുഖീകരിച്ചത്. തിബത്തൻ പോരാട്ടത്തിന് അഭിവാദ്യമർപ്പിച്ചുകൊണ്ടുള്ള മുദ്രാവാക്യം വിളികളുടെ പശ്ചാത്തലത്തിൽ മുഷ്ടി ആകാശത്തേക്കുയർത്തി സദസ്സിനെ അഭിവാദ്യം ചെയ്തുകൊണ്ടാണ് അദ്ദേഹം പ്രഭാഷണമാരംഭിച്ചത്. കമ്യൂണിസ്റ്റ്, ഇടത് പരിപ്രേക്ഷ്യമുള്ള കേരളത്തിലെ സാമ്രാജ്യത്വ- അധിനിവേശവിരുദ്ധതയുടേതായ പശ്ചാത്തലത്തിൽ സുൻത്യുവിന്റെ പ്രഭാഷണം ഏറെ ശ്രദ്ധേയമായിരുന്നു. തിബത്തിനെ എല്ലാ അർഥത്തിലും ചൈന കോളനിവത്കരിച്ചിരിക്കുകയാണെന്നും ലോകത്തെ ഏറ്റവും വലിയ കോർപറേറ്റ് അഴിമതി രാഷ്ട്രമായി ചൈന മാറിയിരിക്കുന്നുവെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. വിദ്യാഭ്യാസത്തെയും മനുഷ്യജീവിതത്തെത്തന്നെയും ചൈന വാണിജ്യവത്കരിച്ചിരിക്കുന്നു. അനീതിക്കെതിരെ ഭയമില്ലാത്ത പോരാട്ടമാണ് നടത്തേണ്ടത്. പോരാടിയാൽ സത്യം വിജയിക്കുക തന്നെ ചെയ്യും. തിബത്തൻ പോരാട്ടത്തെ പിന്തുണക്കുന്നതിൽ എസ്. ഐ. ഒവിനോട് നന്ദിയുണ്ട്-സുൻത്യു പറഞ്ഞു. അക്രമത്തിലൂടെ കാമ്പസുകളെയും തെരുവുകളെയും അടക്കിഭരിക്കാൻ ശ്രമിക്കുന്ന സംഘടനകൾക്ക് ദീർഘായുസ്സില്ലെന്നും അവ കാലപ്രവാഹത്തിൽ കട പുഴകുമെന്നും അതിന്റെ വെപ്രാളമാണ് അങ്ങിങ്ങായി കാണുന്നതെന്നും സോളിഡാരിറ്റി യൂത്ത് മൂവ്മെന്റ് സംസ്ഥാന പ്രസിഡന്റ് പി. മുജീബുർറഹ്മാൻ പറഞ്ഞു.

ശേഷം എസ്. ഐ ഒ സംസ്ഥാന പ്രസിഡന്റ് സി. ദാവൂദ് സംസാരിച്ചു. എസ്. ഐ. ഒയുടെ ഭാവിയെ കുറിച്ച കൃത്യമായ സൂചനകളായിരുന്നു പ്രസിഡന്റിന്റെ പ്രഭാഷണം. 'പഠനത്തെയും സമരത്തെയും സേവനത്തെയും സമഞ്ജസമായി സമ്മേളിപ്പിക്കുന്ന പ്രവർത്തന സംസ്കാരമാണ് എസ്. ഐ. ഒവിനും എസ്. ഐ. ഒ പ്രവർത്തകനുമുള്ളത്. എസ്. ഐ. ഒ നിലനിൽക്കുന്നേടത്തോളം കാമ്പസുകളെ മതേതര ഭീകരതയുടെ വിളനിലമായി തുടരാനനുവദിക്കില്ല. അതിനെ ചെറുക്കാൻ ജീവൻ നൽകാനും എസ്. ഐ.ഒ പ്രവർത്തകർ തയാറാണ്. ഒന്നല്ല, ഒരുപാട് തിബത്തുകളാണ് കേരളത്തിലെ കാമ്പസുകളിൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. ഇവിടെ സ്വാതന്ത്ര്യപോരാട്ടമെന്നത് എസ്. ഐ.ഒ ഏറ്റെടുത്ത ദൗത്യമാണ്. ഏറ്റെടുക്കുന്ന സമരങ്ങളെ വിജയത്തിലെത്തിക്കാനുള്ള ആശയപരമായ കരുത്തും സാമൂഹിക അംഗീകാരവും എസ്. ഐ. ഒവിനുണ്ട്. സ്പോർസ് ലോട്ടറിക്കെതിരായ സമരവും മലബാറിനോടുള്ള വിദ്യാഭ്യാസ അവഗണനക്കെതിരിലുള്ള സമരവും ഇതാണ് തെളിയിക്കുന്നത്. അചഞ്ചലമായ വിശ്വാസമാണ് എസ്. ഐ.ഒ പ്രവർത്തകന്റെ കരുത്ത്.'

കേരളത്തിലെ പ്രവർത്തകരുടെ ആവേശകരമായ സ്വീകരണങ്ങൾക്ക് ശേഷം അടുത്ത ദിവസം രാവിലെ ദേശീയ ജാഥാ വാഹനം വാളയാർ വഴി തമിഴ്നാട്ടിലേക്ക് നീങ്ങി. വാഹനങ്ങളുടെ അകമ്പടിയോടെ നിരവധി പ്രവർത്തകർ തമിഴിൽ മുദ്രാവാക്യങ്ങൾ മുഴക്കി വാളയാർ അതിർത്തിയിൽ കാത്തുനിൽപുണ്ടായിരുന്നു. ◆